**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നിയമസഭ നടപടിച്ചട്ടം 48 അനുസരിച്ചുള്ള അടിയന്തര ചോദ്യം നം.2

-16.07.2014 ൽ മറുപടിയ്ക്ക്

# കേരളസർവ്വകലാശാല ഓൺലൈൻ ഡിഗ്രി പ്രവേശനത്തിൽ സംവരണം അട്ടിമറിച്ചുവെന്ന പരാതി

*ചോദ്യം*
ശ്രീ. എ.കെ.ശശീന്ദ്രൻ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാല ഓൺലൈൻ ഡിഗ്രി പ്രവേശനത്തിൽ സംവരണ അട്ടിമറിച്ചുവെന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | കേരള സർവ്വകലാശാല ഡിഗ്രി പ്രവേശനത്തിനുള്ള ഓൺലൈൻ അലോട്ട്മെന്റിൽ സാങ്കേതികമായി ചെറിയ പിഴവുകൾ പറ്റിയതല്ലാതെ അട്ടിമറി നടന്നിട്ടില്ല. |
| (ബി) | സംവരണ വിഭാഗത്തിൽപ്പെട്ട ഉയർന്ന മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് മെരിറ്റ് ലിസ്റ്റിൽ പ്രവേശനം നൽകാതെ സംവരണ വിഭാഗത്തിൽപ്പെടുത്തി പ്രവേശനം നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മെറിറ്റ് ലിസ്റ്റിൽ പ്രവേശനം ലഭിക്കേണ്ട 126 വിദ്യാർത്ഥികൾക്ക് സാങ്കേതികമായ പിഴവ് മൂലം സംവരണ വിഭാഗത്തിലാണ് പ്രവേശനം ലഭിച്ചിട്ടുള്ളത്. |
| (സി) | ഇതു കാരണം യഥാർത്ഥത്തിൽ സംവരണത്തിന് അർഹതയുള്ള ഒട്ടേറേ വിദ്യാർത്ഥികളുടെ അവസരം നഷ്ടമാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | തുടർന്ന് വരുന്ന അലോട്ട്മെന്റിൽ ഈ പ്രശ്നം പരിഹരിക്കാവുന്നതിനാൽ, സംവരണ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ അവസരം ഇതുവഴി നഷ്ടപ്പെടുകയില്ല. |
| (ഡി) | സംവരണം നഷ്ടപ്പെടാതിരിക്കാൻ എന്തു പരിഹാര നടപടിയാണ് അടിയന്തരമായി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) | തുടർന്നു വരുന്ന അലോട്ട്മെന്റിൽ സംവരണ വിഭാഗത്തിൽ ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥികളെ മെറിറ്റിൽ വരുന്ന ഒഴിവുകളിലേക്ക് പരിഗണിക്കുമ്പോൾ സംവരണ വിഭാഗങ്ങൾക്ക് അർഹമായ |

| | | | |
|---|---|---|---|
| | | | അവസരം ലഭിക്കുന്നതിന് സാധ്യമാകും. ഇതിനുവേണ്ട നടപടികൾ കേരള യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ